## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T. 3511 — 14.10.2011 ൽ മറുപടിക്ക്

### യുണീക് ഐ.ഡി. പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. ബേബി<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. കെ.വി. വിജയദാസ്<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) യുണീക് ഐ.ഡി. പദ്ധതി (ആധാർ) സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) യുണീക് ഐ.ഡി പദ്ധതി (ആധാർ) സംസ്ഥാനത്ത് നടപ്പാക്കി തുടങ്ങിയിട്ടുണ്ട്. പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ആലപ്പുഴ, തിരുവനന്തപുരം എന്നീ ജില്ലകളെയാണ് ഇതിനായി തെരഞ്ഞെടുത്തിരുന്നത്. തുടർന്ന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്.<br>സംസ്ഥാന രജിസ്ട്രാറിനു കീഴിൽ മൂന്ന് എൻറോളിംഗ് ഏജൻസികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്.<br>1. അക്ഷയ - ഗ്രാമപ്രദേശങ്ങളിലെ എൻറോൾമെന്റ്<br>2. കെൽട്രോൺ - പട്ടണപ്രദേശങ്ങളിലെ എൻറോൾമെന്റ്<br>3. ഐ.ടി @ സ്കൂൾ - സ്കൂൾ വിദ്യാർഥികളുടെ എൻറോൾമെന്റ്<br><br>ഇപ്പോൾ എല്ലാ ജില്ലയിലുമായി എട്ട് ലക്ഷത്തിൽപ്പരം ആളുകളെ എൻറോൾ ചെയ്തു കഴിഞ്ഞു. |
| (ബി) ദേശീയ തിരിച്ചറിയൽ അതോറിറ്റി ബിൽ ഇപ്പോഴും പാർലമെന്റിന്റെ പരിഗണനയിലിരിക്കുകയാണെന്ന കാര്യം അറിയാമോ; | (ബി) പരിഗണനയിലാണ്. |
| (സി) എങ്കിൽ നിയമനിർമ്മാണത്തിന് മുമ്പേ പദ്ധതി നടപ്പാക്കുന്നത് എന്തുകൊണ്ടാണ്; | (സി) കേന്ദ്ര പ്ലാനിംഗ് കമ്മീഷനു കീഴിൽ രൂപീകരിച്ചിട്ടുള്ള യുണീക് ഐഡന്റിറ്റി |

അതോറിറ്റി ഓഫ് ഇന്ത്യ (യു.ഐ.ഡി.എ.ഐ)- യുടെ നിർദ്ദേശത്തെ തുടർന്നാണ് ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങിയത്.

(ഡി) ബയോമെട്രിക് രേഖകളിൽ കൃത്രിമ സാദ്ധ്യത കൂടുതലാകയാൽ ജനങ്ങൾക്കുള്ള ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ഡി) ജനങ്ങളിലെ ആശങ്ക ഒഴിവാക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് തയ്യാറാക്കിയിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചാണ് സംസ്ഥാനത്ത് ആധാർ എൻറോൾമെന്റ് നടത്തുന്നത്.

സെക്ഷൻ ഓഫീസർ